പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അമ്പത്തിയാറാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അമ്പത്തിയാറാമത് റിപ്പോർട്ട്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

346/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 16 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 23 |
| അനുബന്ധം III : ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് | .. | 28 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അമ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2006-07 വർഷം വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06, 2006-07 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ട എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചത്.

## അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജനകീയ ഭവന പദ്ധതി—അപാകതകൾ**
**(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.6)**

ജനകീയ ഭവന പദ്ധതിയിൽ ഹഡ്കോയുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ഭവന പദ്ധതിയുടെ ബ്ലോക്ക് വിഹിതമായി ജില്ലാ പഞ്ചായത്തിൽ 18,30,000 രൂപ ബ്ലോക്ക് പഞ്ചായത്ത് അടവ് വരുത്തിയിട്ടുണ്ടെങ്കിലും ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദവിവരം അതായത് പദ്ധതിയുടെ ഗുണഭോക്താക്കൾ, നിർമ്മിച്ച വീടുകളുടെ എണ്ണം, പൂർത്തിയാക്കിയ വീടുകളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ കാരണത്താൽ 18,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 2.35.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അനുവദിച്ച 18,30,000 രൂപയും വിനിയോഗിച്ചിട്ടുണ്ടെന്ന് അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും ചെലവഴിച്ചെങ്കിലും പ്രോജക്ട് വിഭാവനം ചെയ്ത മുഴുവൻ വീടുകളുടെയും നിർമ്മാണവും പൂർത്തീകരിച്ചിട്ടില്ലെന്ന വസ്തുത ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

2. പദ്ധതിയിൻകീഴിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും, പൂർത്തിയാക്കിയ വീടുകളെത്രയെന്നും, പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും സമിതി ആരാഞ്ഞതിന് 1041 ഗുണഭോക്താക്കളിൽ

941 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളുവെന്നും പൂർത്തീകരിക്കാത്ത വീടുകളെ സംബന്ധിച്ച വിവരം ലഭ്യമല്ലെന്നും അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ജില്ലാ പഞ്ചായത്തിന്റെയും ഹഡ്കോയുടെയും സംയുക്ത പദ്ധതിയായതിനാൽ വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിൽ നിന്നേ ലഭിക്കുകയുള്ളുവെന്ന് സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം, പൂർത്തിയാക്കാത്ത വീടുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടി, ആയത് സംബന്ധിച്ച തുടർനടപടികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച മറുപടി ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും വിജിലൻസ് അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 3. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ വിവരങ്ങൾ പ്രസ്തുത ഫയൽ വിജിലൻസിന്റെ പക്കലായതിനാൽ ലഭ്യമല്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബാക്കി ഗ്രാമപഞ്ചായത്തുകളിലെ ടി പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം, പൂർത്തിയാക്കാത്ത വീടുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടി, അവയുടെ നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കിയിട്ടുള്ളത് അനുബന്ധം III പ്രകാരം ചേർത്തിരിക്കുന്നു. | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ജനകീയ ഭവന പദ്ധതിക്ക് വേണ്ടി 18,30,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ജില്ലാ പഞ്ചായത്തിൽ നിക്ഷേപിച്ചിരുന്നു. ടി തുകയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III പ്രകാരം ചേർത്തിരിക്കുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

4. **ജില്ലാ പഞ്ചായത്ത് ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കിയ ജനകീയ ഭവന പദ്ധതിയുടെ കീഴിൽ ബ്ലോക്ക് വിഹിതമായി 1049 വീടുകളുടെ നിർമ്മാണത്തിനാണ് 18,30,000 രൂപ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് നല്കിയതെന്ന് സമിതിക്ക് ലഭ്യമായ റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കുന്നു. ആയതിൽ 103 ഗുണഭോക്താക്കൾ മാത്രമേ പദ്ധതി പ്രകാരം കാലടി ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുള്ളു. ഈയിനത്തിൽ 17 പേർക്കായി ജില്ലാ പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് അടവാക്കിയ തുക**

തിരികെ ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പ്രസ്തുത പദ്ധതി അനുസരിച്ച് 97% ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് സർക്കാരിന്റെ അധികവിവര റിപ്പോർട്ടിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഹഡ്കോയും സംയുക്തമായി ഏറ്റെടുത്ത് ടി പദ്ധതി വിജയകരമായി നടപ്പാക്കിയെന്നാണ് ഇത് തെളിയിക്കുന്നത്. കാലടി ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രകാരമുള്ള എല്ലാ ഭവനങ്ങളും പൂർത്തിയാക്കിയെന്നത് അഭിനന്ദനാർഹമായ കാര്യമാണെന്ന് സമിതി എടുത്തുപറയാൻ ആഗ്രഹിക്കുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മൂന്നുപേർ മരണപ്പെട്ടതായും മറ്റുള്ള ഗുണഭോക്താക്കൾ ഭാഗികമായി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയായതിനാൽ അവയുടെ മേൽനോട്ടവും നടത്തിപ്പും ജില്ലാ പഞ്ചായത്തിനായിരിക്കുമെന്നതിനാൽ പദ്ധതി വിഭാവനം ചെയ്ത പൂർത്തീകരിക്കാത്ത വീടുകൾകൂടി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്തിനോട് സമിതി ശിപാർശ ചെയ്യുന്നു. കരാർ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും നഷ്ടപ്പുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മഞ്ഞപ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും വിജിലൻസ് റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയെങ്കിലും പദ്ധതികൾ പൂർത്തിയാക്കിയില്ല.**
**(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.9)**

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 6 പദ്ധതികൾക്കായി മൊത്തം 2,75,750 രൂപ മുൻകൂർ ഇനത്തിൽ നൽകിയെങ്കിലും പദ്ധതികൾ പൂർത്തിയായതായി കാണുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ട്, 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 2.35.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. പദ്ധതിയിൽ, പ്രവൃത്തി പൂർത്തീകരിച്ച ഭാഗത്തുവച്ച് ബിൽ തയ്യാറാക്കിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ബോധ്യപ്പെടുത്തിയിട്ടുണ്ടെന്ന് അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

സമിതിയെ അറിയിച്ചു. കത്ത് മുഖേന അറിയിച്ചുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടി. ഫയലുകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

6. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതാണെന്നും, എത്ര രൂപ ഈടാക്കാനുണ്ടായിരുന്നെന്നും, എത്ര രൂപ ഈടാക്കിയെന്നും, ആയതിന്റെ നിലവിലെ സ്ഥിതിയെന്തെന്നും സമിതി ആരാഞ്ഞതിന് ഈടാക്കാനുള്ള 25,000 രൂപയിൽ 16,880 രൂപ ഈടാക്കിയിട്ടുണ്ടെന്ന് അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ 16,880 രൂപ ഈടാക്കാനുള്ളതായി പറഞ്ഞിട്ടുള്ളത് ഇപ്പോൾ 25,000 രൂപയാണെന്ന് പറയുന്നതായി സമിതി നിരീക്ഷിച്ചു. ബാക്കി രൂപ ഈടാക്കാത്തതിന്റെ കാരണമെന്തെന്നും, 2008-ൽ ആർ.ആർ. നടപടികൾ ആരംഭിച്ചിട്ടും നിലവിലെ സ്ഥിതിയെന്തെന്ന് വകുപ്പിന് പറയുവാൻ പോലും കഴിയുന്നില്ലെന്നും സമിതി കണ്ടെത്തി. ഈ സാഹചര്യത്തിൽ ബിൽ സെറ്റിൽ ചെയ്യലുമായി ബന്ധപ്പെട്ട പദ്ധതികളുടെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ഒരു മാസത്തിനകം ബോധ്യപ്പെടുത്തണമെന്നും മഞ്ഞപ്ര-പള്ളി റോഡുമായി ബന്ധപ്പെട്ട ആർ.ആർ. നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 7. ഇതുമായി ബന്ധപ്പെട്ട 6 ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് എറണാകുളം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. | പരാമർശ വിഷയമായ 6 പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളുടെ പരിശോധനയും പ്രാദേശിക പരിശോധനയും നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അനുബന്ധം III പ്രകാരം ചേർത്തിരിക്കുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

**8. ഓഡിറ്റ് തടസ്സപ്പെടുത്തിയ 6 പ്രവൃത്തികളും പരാജയപ്പെടാൻ കാരണം ആസൂത്രണത്തിലെ പിഴവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തി നടത്തിപ്പിൽ കാട്ടിയ നിഷ്ക്രിയ സമീപനവുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജനകീയാസൂത്രണ പദ്ധതി കാലയളവിൽ നിർവ്വഹണ സമിതി കൺവീനർമാരെ**

**തെരഞ്ഞെടുക്കുന്നതിൽ ധാരാളം അപാകതകൾ കടന്നുകൂടിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. കൺവീനർമാരിൽ ഭൂരിഭാഗവും പദ്ധതിപ്പണം വിനിയോഗിക്കുവാൻ പ്രാപ്തരല്ലാത്തവരോ, സാമ്പത്തികമായി വളരെയധികം പിന്നോക്കം നില്ക്കുന്നവരോ ആയിരുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ വന്ന പാളിച്ചയുടെ പേരിൽ നഷ്ടത്തുക തിരിച്ചീടാക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുന്നു. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

9. <u>ചെങ്കൽതോട് ഫോർമേഷൻ പദ്ധതിക്ക്</u> കൺവീനർ മുൻകൂറായി കൈപ്പറ്റിയ തുക പലിശ സഹിതം 67,490 രൂപ ഉള്ളതിൽ 40,512 രൂപ തിരിച്ചടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ശേഷിക്കുന്ന 26,978 രൂപ കൂടി ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. <u>കിഴക്കേപാടം തോട് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തി</u> ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം നിർത്തിവച്ചതായും അതുവരെയുള്ള ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കാണുന്നു. അളവു പുസ്തക പ്രകാരം 38,398 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ഈയിനത്തിൽ കൺവീനർ 37,500 രൂപ മാത്രമേ കൈപ്പറ്റിയിട്ടുള്ളുവെന്നും ടി റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. നൽകിയ തുകയുടെ മൂല്യത്തേക്കാൾ കൂടുതൽ മൂല്യത്തിനുള്ള പ്രവൃത്തി കൺവീനർ ചെയ്തിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

11. <u>കല്ലുപ്പാടം കുളം സംരക്ഷണത്തിനായി</u> കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായും സെക്യോർഡ് അഡ്വാൻസായും നൽകിയ തുക പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

12. <u>പോട്ടകുരിശുമുടി റോഡ്</u> നിർമ്മാണ പ്രവൃത്തിക്ക് 1,02,750 രൂപ കൈപ്പറ്റിയ കൺവീനർ 1,08,156 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മനസ്സിലാകുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം, പ്രവൃത്തിമൂല്യത്തിൽനിന്നും കുറവുചെയ്തിട്ടില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ കൺവീനർ കൈപ്പറ്റിയ തുകയും പ്രവൃത്തിമൂല്യവും തമ്മിൽ വ്യത്യാസമുള്ള തുക കൂടി തട്ടിക്കിഴിച്ച് ഗുണഭോക്തൃവിഹിതയിനത്തിൽ ലഭിക്കേണ്ട അവശേഷിക്കുന്ന 2,273 രൂപ കൺവീനറിൽ നിന്നും തിരിച്ചീടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

13. മഞ്ഞപ്ര പള്ളിറോഡ് മെയിന്റനൻസിനായി കൺവീനർ കൈപ്പറ്റിയ 61,000 രൂപ 43,619 രൂപ പലിശയുൾപ്പെടെ 1,04,619 രൂപ ഈടാക്കുന്നതിന് കൺവീനർ

അംഗപരിമിതനായതിനാലും ജപ്തി ചെയ്യുന്നതിന് സ്ഥാവരജംഗമങ്ങൾ ഇല്ലാത്തതിനാലും ആർ. ആർ. നടപടി സാദ്ധ്യമല്ലെന്ന റവന്യൂ അധികാരികളുടെ മറുപടി മുൻനിർത്തി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

14. കണ്ണിയാറപാടം കലുങ്ക് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 2,200 രൂപയും 18,353 രൂപ പലിശയും ഉൾപ്പെടെ 40,853 രൂപ ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടി തുടങ്ങിയ സാഹചര്യത്തിൽ ഈടാക്കിയ 3,768 രൂപ പലിശ സഹിതം ഈടാക്കാനുള്ള തുകയുടെ 10% താഴെ മാത്രമേ വരുന്നുള്ളൂ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടത്തുക കൺവീനറിൽ നിന്നും അടിയന്തരമായി ഈടാക്കുവാനും നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ—അപാകതകൾ

[ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക നമ്പർ 3(4)]

ബ്ലോക്കിന്റെ പരിധിയിലുള്ള 7 പഞ്ചായത്തുകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിനാവശ്യമായ ലാമ്പുകൾ, ഫിറ്റിംഗുകൾ എന്നിവ വാങ്ങിയപ്പോൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല. സാധനങ്ങളുടെ വിലയായി 3,71,700 രൂപ നൽകിയിട്ടുണ്ട്. 3 ലക്ഷത്തിലധികം വരുന്ന പർചെയ്സ് ആയിരുന്നുവെങ്കിലും ക്വട്ടേഷൻ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

അഞ്ച് ക്വട്ടേഷനുകൾ ലഭിച്ചതായി പറഞ്ഞിട്ടുണ്ടെങ്കിലും 4 ക്വട്ടേഷൻ മാത്രമെ ഹാജരാക്കിയിട്ടുള്ളൂ. കുറഞ്ഞ നിരക്ക് അംഗീകരിച്ച വിവരങ്ങളൊന്നും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങളുടെ ഗ്യാരന്റി സംബന്ധിച്ച് കരാറിൽ പറഞ്ഞിട്ടില്ല. ക്വട്ടേഷനിൽ ഫിറ്റിംഗ് ചാർജ് അടക്കമുള്ള നിരക്കിൽ ചെയ്യുവാനാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും പ്രോജക്ട് നടപ്പിലാക്കിയതിനുശേഷം ലാമ്പ് ഒന്നിന് 150 രൂപ വീതം ഫിറ്റിംഗ് ചാർജും നൽകിയിട്ടുണ്ട്. ഈയിനത്തിൽ നൽകിയ 18,900 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വാങ്ങിയ 126 ലാമ്പുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഇവയിൽ 98 എണ്ണം മാത്രമെ വിവിധ വാർഡുകളിൽ സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. ഇക്കാരണങ്ങളാൽ ലാമ്പ് വാങ്ങുന്നതിന് ചെലവഴിച്ച 3,71,700 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, വർഷം 2006-07 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.40.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

15. സോഡിയം വേപ്പർ ലാമ്പുകളുടെ ഫിറ്റിംഗ് ചാർജ് നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമുണ്ടായിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് തീരുമാനമില്ലായിരുന്നുവെന്ന് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ലായിരുന്നെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഫിറ്റിംഗ് ചാർജ് നൽകിയതെന്നും ആയത് വ്യക്തമാക്കുന്നപക്ഷം ഇത് സംബന്ധിച്ച വിഷയം അവസാനിപ്പിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ, ഫിറ്റിംഗ് ചാർജ് പേമെന്റിനുള്ള നടപടി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുടർന്ന് ഇക്കാര്യം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

16. 126 ലാമ്പുകളിൽ 98 എണ്ണം മാത്രമെ സ്ഥാപിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളുവെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, സമിതിയെ അറിയിച്ചു. എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 3-6-2011-ലെ പുനരഭിപ്രായക്കുറിപ്പിലെ 'പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന' പ്രസ്താവന സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, സമിതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടില്ലെന്നും എല്ലാ ലാമ്പുകളും സ്ഥാപിച്ചത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും, ആയത് ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

17. ഫിറ്റിംഗ് ചാർജിന്റെ പേമെന്റ് നൽകിയതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നോയെന്നും 126 ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ 15 ദിവസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുകയും സമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്യണമെന്ന് സമിതി ആവശ്യപ്പെട്ടു.

18. സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

19. **സോഡിയം വേപ്പർ ലാമ്പ് വാങ്ങുന്നതിനായി കുറഞ്ഞ ക്വട്ടേഷൻ ക്വാട്ട് ചെയ്ത കമ്പനിക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് അനുമതി നല്കിയതെന്നും ക്വട്ടേഷനിൽ ഫിറ്റിംഗ് ചാർജ് അടക്കമുള്ള നിരക്കിൽ ചെയ്യുവാനാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും പ്രോജക്ട് നടപ്പിലാക്കിയതിനുശേഷം**

ലാമ്പ് ഒന്നിന് 150 രൂപവീതം ഫിറ്റിംഗ് ചാർജ് നല്കിയ നടപടി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന സമിതി നിർദ്ദേശത്തിന്മേൽ വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന വസ്തുത അതീവഗൗരവത്തോടെ സമിതി കാണുന്നു. ലാമ്പുകൾ സ്ഥാപിച്ച എന്നത് പരിശോധനയിൽ ബോധ്യപ്പെട്ടുവെന്നും ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും സമിതിയിൽ ഉറപ്പുനല്കിയിട്ടും ആയത് പരിശോധിച്ച് നാളിതുവരെ റിപ്പോർട്ട് നല്കാത്ത ഓഡിറ്റ് വകുപ്പിന്റെ നടപടിയും ഉചിതമല്ല. ഇക്കാര്യത്തിൽ സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

**വനിതാ സിമന്റിഷ്ടിക യൂണിറ്റ്—ചെലവ് അംഗീകരിക്കുന്നില്ല—നഷ്ടം ഈടാക്കണം**

**[ഓഡിറ്റ് റിപ്പോർട്ട് 2001-02; ഖണ്ഡിക 3(4)]**

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 10 വനിതകളെ ഉൾപ്പെടുത്തി ഒരു സിമന്റിഷ്ടിക നിർമ്മാണ യൂണിറ്റ് രൂപീകരിക്കുന്നതിലേക്കായി വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിക്ക് 1,06,000 രൂപ പദ്ധതി വിഹിതവും 10,000 രൂപ ഗുണഭോക്തൃ വിഹിതവും വകയിരുത്തി. പദ്ധതി വിഹിതമായി 1,00,000 രൂപ ചെക്ക് നമ്പർ 278227 തീയതി 18-3-2002 പ്രകാരം ഗുണഭോക്തൃ കമ്മിറ്റി കൺവീനറുടെ അക്കൗണ്ടിൽ കല്ലൂർക്കാട് കാർഷിക സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. പിരിച്ച ഗുണഭോക്തൃ വിഹിതം 10,000 രൂപ കമ്മിറ്റിക്ക് നൽകിയിട്ടില്ല (ഇത് നിർവ്വഹണോദ്യോഗസ്ഥയുടെ അക്കൗണ്ടിൽ ഉണ്ടായിരുന്നതും 31-7-2003-ൽ അക്കൗണ്ട് മരവിച്ചപ്പോൾ സർക്കാരിലേക്ക് വരവ് വന്നതുമാണ്) പദ്ധതി വിഹിതമായി നൽകിയ 1,00,000 രൂപയിൽ 20,000 രൂപ പിൻവലിച്ചതിൽ 4,700 രൂപ നിർമ്മാണസാമഗ്രികൾ വാങ്ങുവാനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക മുഴുവൻ അംഗങ്ങളുടെ യാത്രാക്കൂലി, ഫോൺ ചാർജ് മുതലായവയ്ക്കായി ചെലവഴിച്ചതാണ്. തുടർന്ന് യൂണിറ്റ് പ്രവർത്തനരഹിതമായതായാണ് കാണുന്നത്. നിർമ്മിച്ച ഇഷ്ടികയുടെ കണക്കോ വിറ്റുവരവോ ഒന്നും തന്നെ കമ്മിറ്റി ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച 20,000 കഴിച്ച് ബാക്കി 80,000 രൂപയും അക്കൗണ്ടിലുള്ള പലിശയും ചേർത്ത് 90,803 രൂപ 10-3-2005-ലെ കല്ലൂർക്കാട് കാർഷിക സഹകരണ ബാങ്കിന്റെ 243467-ാം നമ്പർ ചെക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് അയച്ചിട്ടുണ്ട്. എന്നാൽ ഈ ചെക്ക് ഓഡിറ്റ് സമയം വരെ ക്യാഷ് ചെയ്തതായി കാണുന്നില്ല. ഈ ചെക്ക് റീവാലിഡേറ്റ് ചെയ്ത് 90,803 രൂപയും അതിന് 10-3-2005 മുതൽ അടയ്ക്കുന്ന തീയതിവരെയുള്ള പലിശയും ഈടാക്കേണ്ടതാണ്.

കൂടാതെ യൂണിറ്റിന് നൽകിയ 1,00,000 രൂപയിൽ നിരുത്തരവാദപരമായി ചെലവഴിച്ച 20,000 രൂപ 12% പലിശ സഹിതം ഗുണഭോക്തൃ കമ്മിറ്റിയിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, വർഷം 2006-07 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.41.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

20. പദ്ധതിയുമായി ബന്ധപ്പെട്ട സർചാർജ് തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന് നിർവ്വഹണോദ്യോഗസ്ഥന് നോട്ടീസയച്ചുവെങ്കിലും ടിയാൻ കോടതിയെ സമീപിച്ചെന്ന് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കേസിൽ സ്റ്റേ ഇല്ലാതിരുന്നിട്ടും ആർ. ആർ. നടപടി സ്വീകരിക്കാൻ നടപടിയുണ്ടായില്ലെന്നും പഞ്ചായത്തിന് 20,000 രൂപ നഷ്ടപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥൻ മാത്രമാണോ ഉത്തരവാദിയെന്നും സമിതി ആരാഞ്ഞതിന് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വനിതാ ഗുണഭോക്താക്കളെയാണ് തുക ഏൽപ്പിച്ചതെന്നും ആയതിനാൽ ടി തുക തിരിച്ച് പിടിക്കാൻ കഴിയില്ലെന്നും മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പറഞ്ഞു. സർക്കാർ അനുവദിക്കുന്ന ഫണ്ട് നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്തൃ സമിതിക്ക് കൈമാറിക്കഴിഞ്ഞാൽ ആ തുക ഗുണഭോക്തൃ സമിതിയുടെ പേരിലാണ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതെന്നും ഗുണഭോക്തൃ സമിതിക്ക് തുക കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ പേരിൽ മാത്രമെ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാൻ കഴിയുകയുള്ളൂവെന്നും സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഗുണഭോക്തൃ സമിതി വിനിയോഗിച്ച ഫണ്ട് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരിച്ചുപിടിക്കുന്നത് അന്യായമാണെന്നും സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു.

21. ഗവൺമെന്റ് അനുവദിച്ച തുക ഗുണഭോക്തൃ സമിതിക്ക് കൈമാറിക്കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥന് പ്രത്യേകിച്ച് ഒരു പങ്കുമില്ലെന്നും യഥാർത്ഥ ഉത്തരവാദിത്വം ഗുണഭോക്തൃ സമിതിക്കാണെന്നും സമിതി വിലയിരുത്തി. എന്നിരുന്നാലും നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിത്വത്തിൽ നിന്നും പൂർണ്ണമായി മുക്തനാകുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. പരാമർശവിധേയമായ വിഷയങ്ങളിൽ ഗുണഭോക്തൃ സമിതി അംഗങ്ങളെല്ലാം ബി. പി. എൽ. വിഭാഗക്കാരായതിനാൽ ചെലവായ തുക അവരിൽ നിന്ന് ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**22. ഗവൺമെന്റ് അനുവദിച്ച തുക ഗുണഭോക്തൃ സമിതിക്ക് കൈമാറിക്കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥന് പ്രത്യേകിച്ച് ഒരു പങ്കുമില്ലെന്നും യഥാർത്ഥ ഉത്തരവാദിത്വം ഗുണഭോക്തൃ സമിതിക്കാണെന്നും വിലയിരുത്തിയ സമിതി ഗുണഭോക്തൃ സമിതി വിനിയോഗിച്ച ഫണ്ട് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നത് ഉചിതമല്ലെന്ന് അഭിപ്രായപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിലും ഗുണഭോക്തൃ സമിതി അംഗങ്ങൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകളായതിനാൽ ടി തുക തിരിച്ച് പിടിക്കാൻ കഴിയില്ലെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതിക്ക് ബോധ്യമായതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

## വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഊന്നുകല്ല്-നിരപ്പ് കോളനി-ജലസേചനം-എന്ന പദ്ധതി നിർവ്വഹണം-ലക്ഷ്യം കൈവരിച്ചില്ല**
**[ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3(9)]**

വടവുകോട് ബ്ലോക്ക് പഞ്ചായത്ത്, തിരുവാണിയൂർ പഞ്ചായത്തിൽ ഊന്നുകല്ല്-നിരപ്പ് കോളനി ജലസേചനം എന്ന പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർ നിർവ്വഹണം നടത്തിയതാണ്. ശ്രീ. പി. കെ. അയ്യപ്പൻകുട്ടി കൺവീനറായുള്ള ടി പദ്ധതിക്കുവേണ്ടി 77,885 രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം കിണർ കുഴിച്ച് 5 എച്ച്. പി. മോട്ടോർ 5000 ലിറ്റർ ടാങ്ക് എന്നിവ സ്ഥാപിച്ച് ജലസേചനം നടത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ 1.5 എച്ച്. പി.യുടെ മോട്ടോർ ആണ് വാങ്ങിയത്. ടാങ്ക് വാങ്ങിയതുമില്ല. വൈദ്യുതി കണക്ഷൻ പോലും ലഭിച്ചിട്ടില്ല. വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും നടത്തിയിട്ടില്ല. വാങ്ങിയ മോട്ടോർ എവിടെ സ്ഥാപിച്ചു എന്നും അറിയിച്ചിട്ടില്ല. മോണിറ്ററിംഗ് സമിതി കൂടുകയോ, പ്രവർത്തനം വിലയിരുത്തുകയോ ഉണ്ടായിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച 77,885 രൂപ പാഴായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്, 2006-07 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.42.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. പദ്ധതി വിഹിതത്തിൽ നിന്നും നഷ്ടപ്പെട്ട തുക തിരിച്ച് പിടിക്കാൻ സ്വീകരിച്ച നടപടികളെന്തെന്നും, പമ്പ് സെറ്റും, വാട്ടർ ടാങ്കും സ്ഥാപിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് 93,599 രൂപയുടെ പദ്ധതിയാണെന്നും 77,885 രൂപയുടെ ജോലി ചെയ്തിട്ടുണ്ടെന്നും പമ്പ് സെറ്റിനുള്ള പണിപ്പുരയും പൈപ്പ് ലൈൻ നിർമ്മാണവും പൂർത്തിയായെങ്കിലും 5 HP പമ്പ് സെറ്റ് വാങ്ങുന്നതിന് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടും പമ്പ് സെറ്റ് സ്ഥാപിച്ചിരുന്നില്ലെന്നും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് കോൺക്രീറ്റ് ചെയ്ത് ടാങ്ക് നിർമ്മിച്ചുവെന്നും പുതിയ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തി പദ്ധതി പൂർത്തിയാക്കുമെന്നും വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

24. സമിതി മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം 1.5 HP പമ്പ് സെറ്റിന്റെ ബിൽ കാണുന്നുവെന്നും പമ്പ് സെറ്റ് വാങ്ങാതെ ബിൽ എങ്ങനെ ഫയലിൽ വന്നുവെന്ന് സമിതി ആരാഞ്ഞതിന് അത് ഇൻവോയ്സ് ആണെന്നും പേമെന്റ് നടത്തിയ രേഖകൾ ഫയലിൽ കാണുന്നില്ലായെന്നും വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തദവസരത്തിൽ സമിതി നിർദ്ദേശപ്രകാരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഫയൽ പരിശോധിക്കുകയും ഫയലിൽ കാണുന്നത് ക്യാഷ് ബില്ലാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

25. ഫയലിൽ ഇൻവോയ്സാണുള്ളതെന്ന് സമിതി മുമ്പാകെ പറയുകയും എന്നാൽ പരിശോധനയിൽ ക്യാഷ് ബില്ല് കാണുന്നതിനെക്കുറിച്ച് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഫയൽ പരിശോധിച്ച് കൃത്യമായ വിവരങ്ങൾ സമിതിയെ ബോധിപ്പിക്കാമെന്ന് വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇക്കാര്യം സംബന്ധിച്ച് നിജസ്ഥിതി പരിശോധിച്ച് പതിനഞ്ച് ദിവസത്തിനകം സമിതിക്ക് മറുപടി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

<u>സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:</u>

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 26. 1.50 എച്ച്. പി. പമ്പ് സെറ്റിന്റേതുൾപ്പെടെ 30,125 രൂപയുടെ ക്യാഷ്/ക്രെഡിറ്റ് ബിൽ ഫയലിൽ ഉണ്ട്. എന്നാൽ വാങ്ങിയ പമ്പ് സെറ്റിന്റെ വിവരങ്ങൾ സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് എം. ബുക്കിൽ രേഖപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിസമ്മതിച്ചതിനാൽ പേമെന്റ് ലഭിക്കാത്ത സാഹചര്യമുണ്ടാവുകയും തുടർന്ന് ഗുണഭോക്തൃ സമിതി കൺവീനർ പമ്പ് സെറ്റ് തിരിച്ചെടുക്കുകയുമാണുണ്ടായത് എന്ന് (കൺവീനറായിരുന്ന ശ്രീ. പി. കെ. അയ്യപ്പൻ മരണമടഞ്ഞതിനാൽ) മറ്റ് ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാലാണ് "ഫയലിൽ ബിൽ ഉണ്ടെങ്കിലും പേമെന്റ് നൽകിയില്ല" എന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടത് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. | 1998-99 വർഷം പ്രൊ. നമ്പർ 172/98-99 നമ്പരായി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഊന്നുകൽ-നിരപ്പ് കോളനി ജലസേചന പദ്ധതി എന്ന പ്രോജക്ടിന് 10-3-1999-ൽ 66,953 രൂപ മൊത്തം അടങ്കൽതുകയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിരുന്നു.<br><br>പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഈ പ്രോജക്ടിന്റെ ലക്ഷ്യം ഊന്നുകൽ-നിരപ്പ് പട്ടികജാതി കോളനിയിലെ 13 കുടുംബങ്ങൾക്ക് ജലസേചനാവശ്യത്തിനായി വെള്ളം എത്തിക്കുന്നതിനായി കിണർ കുഴിച്ച് വെള്ളം ടാങ്കിൽ ശേഖരിച്ച് അവിടെ നിന്ന് വിതരണ പൈപ്പ് വഴി കോളനിയിൽ എത്തിക്കുക എന്നതായിരുന്നു.<br><br>ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതിക്കുവേണ്ടി ഗുണഭോക്തൃ സമിതി കൺവീനർ 31-3-2000-വരെ 60,540 രൂപയും 31-12-2003-ൽ ഫൈനൽ ബിൽ തുകയായി 17,345 രൂപയും ഉൾപ്പെടെ ആകെ 77,885 രൂപ കൈപ്പറ്റിയിട്ടുണ്ട്.<br><br>18-3-1999-ന് ശ്രീ. മത്തായി മത്തായി പാലക്കത്തറ, എന്നയാൾ ബ്ലോക്ക് പഞ്ചായത്തിന് വിട്ട് നൽകിയ സർവ്വേ നമ്പർ |

| | |
|---|---|
| | 355/2-ൽപ്പെട്ട 1 സെന്റ് സ്ഥലത്താണ് എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 10 മീറ്റർ അടവും 4.75 മീറ്റർ വ്യാസവുമുള്ള കിണർ കുഴിച്ചത്.<br><br>എന്നാൽ കുഴിച്ചുകൊണ്ടിരുന്ന കിണറിന്റെ മുകൾഭാഗം ഇടിഞ്ഞുവീണ കൊണ്ടിരുന്നതി നാൽ 40,000 രൂപ അധിക തുക കൂടി വകയിരുത്തി 24-2-2000-ൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങി. പുതുക്കിയ സാങ്കേതികാനുമതി തുക 93,599 രൂപ ആയിരുന്നു.<br><br>ഫയലുകളും സ്ഥലപരിശോധനയും നടത്തിയതിൽ താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പെട്ടു:<br><br>(1) എസ്റ്റിമേറ്റ് ഇനം 10 പ്രകാരം ടാങ്ക് പണിയാനാണ് തുക ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപ്രകാരം തന്നെ ഏകദേശം 2000 ലിറ്റർ കപ്പാസിറ്റിയുള്ള കോൺക്രീറ്റ് ടാങ്ക് പണിതിട്ടുണ്ട്.<br><br>(2) കിണറിന് സമീപം മോട്ടോർപുര പണിതിട്ടുണ്ട്. ഈ മോട്ടോർപുരയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി വയറിംഗ് നടത്തിയെങ്കിലും കണക്ഷൻ ലഭിച്ചില്ല.<br><br>(3) 1.5 എച്ച്. പി. മോട്ടോറിന്റെ ബിൽ ഫയലിൽ ഉണ്ടെങ്കിലും ഈ ബിൽ പ്രകാരമുള്ള തുക നൽകുകയോ, അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റിന്റെ ഐറ്റം നമ്പർ 20 പ്രകാരം 5 എച്ച്. പി. മോട്ടോർ വാങ്ങി |

| | |
|---|---|
| | സ്ഥാപിക്കുന്നതിന് 12,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും മോട്ടോർ വാങ്ങി സ്ഥാപിച്ചതായും ആയതിന് തുക നൽകിയതായും രേഖകളൊന്നും ഇല്ല. ആയതിനാൽ മോട്ടോർ വാങ്ങുകയോ, സ്ഥാപിക്കുകയോ ചെയ്തിട്ടില്ല എന്നും ആയതിന് തുക നൽകിയിട്ടില്ലെന്നും വ്യക്തമാകുന്നു.<br><br>(4) കിണറിൽ നിന്ന് കോൺക്രീറ്റ് ടാങ്ക് സ്ഥാപിച്ചിരിക്കുന്നിടത്തേക്ക് 40 എം. എം. വ്യാസമുള്ള പി. വി. സി. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ 5-8-2003-ൽ പൂർത്തീകരിച്ചതിനാലാണ് 77,885 രൂപ ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയിരിക്കുന്നത്.<br><br>(5) മോട്ടോർ സ്ഥാപിച്ച് വൈദ്യുത കണക്ഷൻ ലഭ്യമാക്കുകയും വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്താൽ "ഊന്നുകല്ല് നിരപ്പ് കോളനിയിൽ ജലസേചനം" എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കാനാകുമെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. |

## നിഗമനങ്ങൾ/ശിപാർശകൾ

27. **ഊന്നുകല്ല്-നിരപ്പ് കോളനിയിലെ 13 പട്ടികജാതി കുടുംബങ്ങൾക്ക് ജലസേചനാവശ്യത്തിനായി തുടങ്ങിയ പദ്ധതിയിൽ 2000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, മോട്ടോർപ്പുര, 40 എം.എം. വ്യാസമുള്ള പി.വി.സി. പൈപ്പ് എന്നിവ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 5 HP മോട്ടോർ വാങ്ങിയിട്ടില്ലെന്നും പകരം വാങ്ങിയ 1.5 HP പമ്പ് സെറ്റിന്റെ ബിൽ സാങ്കേതിക കാരണങ്ങളാൽ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ഗുണഭോക്തൃ സമിതി കൺവീനർ പ്രസ്തുത പമ്പ്**

തിരിച്ചെടുത്തു എന്നും സർക്കാർ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1.5 എച്ച്. പി. മോട്ടോറിന്റെ ബിൽ ഫയലിൽ ഉണ്ടെങ്കിലും ബിൽ പ്രകാരമുള്ള തുക നൽകിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനാ കുറിപ്പിൽ അറിയിച്ചിരിക്കുന്നു. ജലസേചന സൗകര്യാർത്ഥം ഉള്ള പദ്ധതികൾ പോലും ശരിയായ രീതിയിൽ പ്രാവർത്തികമാക്കാത്തതിലും പദ്ധതി പൂർത്തീകരണത്തിനായി പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താത്തതിലും വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി പ്രാവർത്തിക മാക്കുന്നതിനായി മോട്ടോർ സ്ഥാപിച്ച് വൈദ്യുത കണക്ഷൻ ലഭ്യമാക്കുകയും വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യണമെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. ആയതിനാൽ പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 4 | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് എറണാകുളം ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കിയ ജനകീയ ഭവന പദ്ധതിയുടെ കീഴിൽ ബ്ലോക്ക് വിഹിതമായി 1049 വീടുകളുടെ നിർമ്മാണത്തിനാണ് 18,30,000 രൂപ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് നല്കിയതെന്ന് സമിതിക്ക് ലഭ്യമായ റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കുന്നു. ആയതിൽ 103 ഗുണഭോക്താക്കൾ മാത്രമെ പദ്ധതി പ്രകാരം കാലടി ഗ്രാമപഞ്ചായത്തിൽ ഭവന നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുള്ളൂ. ഈയിനത്തിൽ 17 പേർക്കായി ജില്ലാ പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് അടവാക്കിയ തുക തിരികെ ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പ്രസ്തുത പദ്ധതി അനുസരിച്ച് 97% ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് സർക്കാരിന്റെ അധികവിവര റിപ്പോർട്ടിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഹഡ്കോയും സംയുക്തമായി ഏറ്റെടുത്ത് ടി പദ്ധതി വിജയകരമായി നടപ്പാക്കിയെന്നാണ് ഇത് തെളിയിക്കുന്നത്. കാലടി ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രകാരമുള്ള എല്ലാ ഭവനങ്ങളും പൂർത്തിയാക്കിയെന്നത് അഭിനന്ദനാർഹമായ കാര്യമാണെന്ന് സമിതി എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മൂന്നുപേർ മരണപ്പെട്ടതായും മറ്റുള്ള ഗുണഭോക്താക്കൾ ഭാഗികമായി പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയായതിനാൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അവയുടെ മേൽനോട്ടവും നടത്തിപ്പും ജില്ലാ പഞ്ചായത്തിനായിരിക്കുമെന്നതിനാൽ പദ്ധതി വിഭാവനം ചെയ്ത പൂർത്തീകരിക്കാത്ത വീടുകൾകൂടി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്തിനോട് സമിതി ശിപാർശ ചെയ്യുന്നു. കരാർ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും നഷ്ടത്തുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മഞ്ഞപ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും വിജിലൻസ് റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 8 | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | ഓഡിറ്റ് തടസ്സപ്പെടുത്തിയ 6 പ്രവൃത്തികളും പരാജയപ്പെടാൻ കാരണം ആസൂത്രണത്തിലെ പിഴവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തി നടത്തിപ്പിൽ കാട്ടിയ നിഷ്ക്രിയ സമീപനവുമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജനകീയാസൂത്രണ പദ്ധതി കാലയളവിൽ നിർവ്വഹണ സമിതി കൺവീനർമാരെ തെരഞ്ഞെടുക്കുന്നതിൽ ധാരാളം അപാകതകൾ കടന്നുകൂടിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. കൺവീനർമാരിൽ ഭൂരിഭാഗവും പദ്ധതിപ്പണം വിനിയോഗിക്കുവാൻ പ്രാപ്തരല്ലാത്തവരോ, സാമ്പത്തികമായി വളരെയധികം പിന്നോക്കം നില്ക്കുന്നവരോ ആയിരുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ വന്ന പാളിച്ചയുടെ പേരിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നഷ്ടത്തുക തിരിച്ചീടാക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുന്നു. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 9 | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | ചെങ്കൽതോട് ഫോർമേഷൻ പദ്ധതിക്ക് കൺവീനർ മുൻകൂറായി കൈപ്പറ്റിയ തുക പലിശ സഹിതം 67,490 രൂപ ഉള്ളതിൽ 40,512 രൂപ തിരിച്ചടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ശേഷിക്കുന്ന 26,978 രൂപ കൂടി ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 10 | ,, | കിഴക്കേപാടം തോട് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം നിർത്തി വച്ചതായും അതുവരെയുള്ള ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കാണുന്നു. അളവു പുസ്തക പ്രകാരം 38,398 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ഈയിനത്തിൽ കൺവീനർ 37,500 രൂപ മാത്രമേ കൈപ്പറ്റിയിട്ടുള്ളുവെന്നും ടി റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. നൽകിയ തുകയുടെ മൂല്യത്തേക്കാൾ കൂടുതൽ മൂല്യത്തിനുള്ള പ്രവൃത്തി കൺവീനർ ചെയ്തിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 11 | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | കല്ലപ്പാടം കുളം സംരക്ഷണത്തിനായി കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായും സെക്യോർഡ് അഡ്വാൻസായും നൽകിയ തുക പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 12 | ,, | പോട്ടകുരിശ്ശുമുടി റോഡ് നിർമ്മാണ പ്രവൃത്തിക്ക് 1,02,750 രൂപ കൈപ്പറ്റിയ കൺവീനർ 1,08,156 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മനസ്സിലാകുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം, പ്രവൃത്തിമൂല്യത്തിൽ നിന്നും കുറവു ചെയ്തിട്ടില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ കൺവീനർ കൈപ്പറ്റിയ തുകയും പ്രവൃത്തിമൂല്യവും തമ്മിൽ വ്യത്യാസമുള്ള തുകകൂടി തട്ടിക്കിഴിച്ച് ഗുണഭോക്തൃ വിഹിത യിനത്തിൽ ലഭിക്കേണ്ട അവശേഷിക്കുന്ന 2,273 രൂപ കൺവീനറിൽ നിന്നും തിരിച്ചീടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 13 | ,, | മഞ്ഞപ്ര പള്ളിറോഡ് മെയിന്റനൻസിനായി കൺവീനർ കൈപ്പറ്റിയ 61,000 രൂപ 43,619 രൂപ പലിശയുൾപ്പെടെ 1,04,619 രൂപ ഈടാക്കുന്നതിന് കൺവീനർ അംഗപരിമിത നായതിനാലും ജപ്തി ചെയ്യുന്നതിന് സ്ഥാവര ജംഗമങ്ങൾ ഇല്ലാത്തതിനാലും ആർ. ആർ. നടപടി സാദ്ധ്യമല്ലെന്ന റവന്യൂ അധികാരികളുടെ മറുപടി മുൻനിർത്തി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 14 | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | കണ്ണിയാറപാടം കലുങ്ക് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 2,200 രൂപയും 18,353 രൂപ പലിശയും ഉൾപ്പെടെ 40,853 രൂപ ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. റവന്യൂ റിക്കവറി നടപടി തുടങ്ങിയ സാഹചര്യത്തിൽ ഈടാക്കിയ 3,768 രൂപ പലിശ സഹിതം ഈടാക്കാനുള്ള തുകയുടെ 10% താഴെ മാത്രമേ വരുന്നുള്ളൂ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടത്തുക കൺവീനറിൽനിന്നും അടിയന്തരമായി ഈടാക്കുവാനും നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 19 | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | സോഡിയം വേപ്പർ ലാമ്പ് വാങ്ങുന്നതിനായി കുറഞ്ഞ ക്വട്ടേഷൻ ക്വാട്ട് ചെയ്ത കമ്പനിക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് അനുമതി നല്കിയതെന്നും ക്വട്ടേഷനിൽ ഫിറ്റിംഗ് ചാർജ് അടക്കമുള്ള നിരക്കിൽ ചെയ്യുവാനാണ് ആവശ്യപ്പെട്ടിരുന്നത് പ്രോജക്ട് നടപ്പിലാക്കിയതിനുശേഷം ലാമ്പ് ഒന്നിന് 150 രൂപ വീതം ഫിറ്റിംഗ് ചാർജ് നല്കിയനടപടി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന സമിതി നിർദ്ദേശത്തിന്മേൽ വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന വസ്തുത അതീവ ഗൗരവത്തോടെ സമിതി കാണുന്നു. ലാമ്പുകൾ സ്ഥാപിച്ച എന്നത് പരിശോധനയിൽ ബോധ്യപ്പെട്ടുവെന്നും ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും സമിതിയിൽ ഉറപ്പുനല്കിയിട്ടും ആയത് പരിശോധിച്ച് നാളിതുവരെ റിപ്പോർട്ട് നല്കാത്ത ഓഡിറ്റ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വകുപ്പിന്റെ നടപടിയും ഉചിതമല്ല. ഇക്കാര്യത്തിൽ സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളതിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 10 | 22 | മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | ഗവൺമെന്റ് അനുവദിച്ച തുക ഗുണഭോക്തൃ സമിതിക്ക് കൈമാറിക്കഴിഞ്ഞാൽ നിർവ്വഹണ ഉദ്യോഗസ്ഥന് പ്രത്യേകിച്ച് ഒരു പങ്കുമില്ലെന്നും യഥാർത്ഥ ഉത്തരവാദിത്വം ഗുണഭോക്തൃ സമിതിക്കാണെന്നും വിലയിരുത്തിയ സമിതി ഗുണഭോക്തൃ സമിതി വിനിയോഗിച്ച ഫണ്ട് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നത് ഉചിതമല്ലെന്ന് അഭിപ്രായപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിലും ഗുണഭോക്തൃ സമിതി അംഗങ്ങൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകളായതിനാൽ ടി തുക തിരിച്ച് പിടിക്കാൻ കഴിയില്ലെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സമിതിക്ക് ബോധ്യമായ തിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 11 | 27 | വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ഊന്നുകല്ല്-നിരപ്പ് കോളനിയിലെ 13 പട്ടികജാതി കുടുംബങ്ങൾക്ക് ജലസേചനാവശ്യത്തിനായി തുടങ്ങിയ പദ്ധതിയിൽ 2000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, മോട്ടോർപ്പുര, 40 എം.എം. വ്യാസമുള്ള പി.വി.സി. പൈപ്പ് എന്നിവ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 5 HP മോട്ടോർ വാങ്ങിയിട്ടില്ലെന്നും പകരം വാങ്ങിയ 1.5 HP പമ്പ് സെറ്റിന്റെ ബിൽ സാങ്കേതിക കാരണങ്ങളാൽ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ഗുണഭോക്തൃ സമിതി കൺവീനർ പ്രസ്തുത പമ്പ് തിരിച്ചെടുത്തു എന്നും സർക്കാർ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1.5 എച്ച്. പി. മോട്ടോറിന്റെ ബിൽ ഫയലിൽ ഉണ്ടെങ്കിലും ബിൽ പ്രകാരമുള്ള തുക നൽകിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനാ കുറിപ്പിൽ അറിയിച്ചിരിക്കുന്നു. ജലസേചന സൗകര്യാർത്ഥം ഉള്ള പദ്ധതികൾ പോലും ശരിയായ രീതിയിൽ പ്രാവർത്തികമാക്കാത്തതിലും പദ്ധതി പൂർത്തീകരണത്തിനായി പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താത്തതിലും വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി മോട്ടോർ സ്ഥാപിച്ച് വൈദ്യുത കണക്ഷൻ ലഭ്യമാക്കുകയും വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യണമെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. ആയതിനാൽ പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

സർക്കാർ മറുപടി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2005-06)സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | (ഖണ്ഡിക 2.35.1) | | ജനകീയ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലോക്ക് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, നിർമ്മിച്ച വീടുകളുടെ എണ്ണം എന്നിവ താഴെകൊടുക്കുന്നു. |

| ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മിച്ച വീടുകളുടെ എണ്ണം | പൂർത്തിയാക്കിയത്. |
|---|---|---|---|
| അയ്യമ്പുഴ | 106 | 106 | 97 |
| കാഞ്ഞൂർ | 79 | 79 | 70 |
| കറുകുറ്റി | 102 | 102 | 92 |
| മഞ്ഞപ്ര | (ബന്ധപ്പെട്ട ഫയലുകൾവിജിലൻസ് കൊണ്ട് പോയതിനാൽ വിവരങ്ങൾ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്) | | |
| മലയാറ്റൂർ | 268 | 2[illegible]8 | 242 |
| മൂക്കന്നൂർ | 51 | 51 | 45 |
| ശ്രീമൂലനഗരം | 113 | 113 | 105 |
| തുറവൂർ | 192 | 92 | 84 |
| കാലടി | 130 | 130 | 130 |

| | | | | |
|---|---|---|---|---|
| 2 | 2005-06 | 2.35(2) | | 6 പദ്ധതികളിൽ കീഴക്കേപ്പാടം റോഡ് സംരക്ഷണം , കല്ലുപാടംകുളം സംരക്ഷണം , പോട്ടക്കുരിശുമുടി റോഡ് എന്നീ പദ്ധതികളിൽ പണി പൂർത്തീകരിയ്ക്കുകയും അഡ്വാൻസ് തുക ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുകയും ചെയ്യിട്ടുണ്ട് . ചെങ്ങൽ തോട്, കണ്ണിയാറപാടം കലുങ്ക് എന്നീ പദ്ധതികളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും 16880 രൂപ, 3768 രൂപ എന്നിവ യഥാക്രമം റിക്കവറി ഇനത്തിൽ ലഭ്യമായിട്ടുണ്ട്. മഞ്ഞപ്ര പള്ളിറോഡ് മെയിന്റനൻസ് സംബന്ധിച്ച തുകയിൽ റവന്യൂ റിക്കവറി നടത്താൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുകയൊന്നും ലഭ്യമായിട്ടില്ല. |

T. SYAMALA KUMARI
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റിയുടെ 2006-07 വർഷത്തെ റിപ്പോർട്ടിന്മേൽ എറണാകുളം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നം | സ്ഥാപനം ബ്ളോക്ക് പഞ്ചായത്തുകൾ | സമാഹൃത റിപ്പോർട്ട് & ഓഡിറ്റ് ഖണ്ഡിക | | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | വൈപ്പിൻ | 2006-07 3.40.1 | | ബ്ലോക്കിന്റെ പരിധിയിലുള്ള 7 പഞ്ചായത്തുകളിൽ സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കുന്നതിനായി സാധനങ്ങളുടെ വിലയായി 371700/- രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). 03.06.2011 ലെ എറണാകുളം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ഇ.സി.1 1524(4)/09 നമ്പർ പുനഃപ്രായക്കുറിപ്പു പ്രകാരം 371700/- രൂപയുടെ തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ലാംപിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജായി നൽകിയ 18900/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കാൻ നിരദ്ദേശിച്ചിരുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ടി വിവരം ടി കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എൻ.കെ.വേണുവിനെ 16.11.2011 കത്ത് മുഖേന അറിയിച്ചിരുന്നു.<br>സോഡിയം വേപ്പർ ലാംപ് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ 26/0399 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ട്രൈടെക്നോ ഇന്റസ്ട്രീസിന്റെ ക്വട്ടേഷൻ 13-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. 16.11.2011 ൽ നൽകിയ കത്തിന് ശ്രീ. വേണു നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.<br>ടി സാധനങ്ങൾ വാങ്ങുന്നതിനായി ക്ഷണിച്ച ക്വട്ടേഷനിൽ ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാലാണ് ഫിറ്റിംഗ് ചാർജ്ജ് അധികമായി നൽകേണ്ടി വന്നത്. |

346/16

| | | | | |
|---|---|---|---|---|
| 2 | മൂവാറ്റുപുഴ | 2006-07, 3.41.1 | | പദ്ധതി വിഹിതമായി നൽകിയ 1,00,000/- രൂപയിൽ ചെലവഴിച്ച 20,000/- രൂപ കഴിച്ച് ബാക്കി 80,000/- രൂപയും അക്കൗണ്ടിലുള്ള പലിശയും ചേർത്തുള്ള തുക 90803/- രൂപയും ആയതിന്റെ ബാങ്ക് പലിശയും ഉൾപ്പെടെ 101957/- രൂപ 07.07.2009 ലെ എസ്.301 നമ്പർ ചെലാൻ മുഖേന മൂവാറ്റുപുഴ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട് (ചെലാന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).<br>തിരുവനന്തപുരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05.05.2009 ലെ എൽ.എഫ്.17300/സ്പേ.സെൽ/എസ്.സി 3/08 നമ്പർ ഉത്തരവ് പ്രകാരം വ്യവസായ വികസന ഓഫീസർ ആയ ശ്രീ.പി.വർഗ്ഗീസിൽ നിന്നും 20,000/- രൂപ 12% പലിശ സഹിതം ഈടാക്കുന്നതിന് സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

| | | | | |
|---|---|---|---|---|
| 3 | വടവുകോട് | 2006-07, 3.42.1 | | പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥയായ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതി പൂർത്തീകരിച്ച് ജലസേചന പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

V. SOBHA
Additional Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

ഇ.വി.[illegible]

# അനുബന്ധം III

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 17.02.12 ലെ തെളിവെടുപ്പുയോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളിന്മേൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടിയിന്മേലുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നം | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി | സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|---|---|---|
| 2005-06 | 2000-01 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2 (35) - 1 | ജനകീയ ഭവന പദ്ധതി അപാകതകൾ - പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം, പൂർത്തിയാകാത്ത വീടുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടി, ആയത് സംബന്ധിച്ച തുടർ നടപടികളുടെ നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുക. | ജനകീയ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലോക്ക് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, നിർമ്മിച്ച വീടുകളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് മേൽ നടപടിക്കായി ചുവടെ ചേർക്കുന്നു. | അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ജനകീയ ഭവന പദ്ധതിക്കു വേണ്ടി 18,30,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ജില്ലാപഞ്ചായത്തിൽ നിക്ഷേപിച്ചിരുന്നു. 1049 വീടുകൾക്ക് ധനസഹായം നൽകുക എന്നതായിരുന്നു ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 9 ഗ്രാമപഞ്ചായത്തുകളിലെ അർഹരായ ഗുണഭോക്താക്കളുമായി കരാർ വെച്ച് ഗഡുക്കളായി തുക നൽകി. 1032 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചതിൽ 30.06.2014 വരെ താഴെപ്പറയും പ്രകാരം പണിപൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിരുന്നു. |

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തിയാക്കിയത് | പൂർത്തിയാകാത്തവ | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 അയ്യമ്പുഴ | 106 | 102 | 4 | പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നുള്ള വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| നം | ഗ്രാമപഞ്ചായത്ത് | എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തിയാക്കിയത് | പൂർത്തീകരിക്കാത്തത് | ഗുണഭോക്താവ് / കൈപ്പറ്റിയ തുക / സ്വീകരിച്ച നടപടി / നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | അയ്യമ്പുഴ | 106 | 102 | 4 | 1. ജോസ് (ദേവസി മകൻ) കാച്ചപ്പിള്ളി വീട്, 3 ഗഡു - 31,500/- സ്ഥലം വിറ്റു<br>2. രാധ ശ്രീധരൻ വിളങ്ങാട്ടിൽ വീട് 3 ഗഡു - 31,500/- തറ മാത്രം കെട്ടി<br>3. തോമസ്, കിണാഞ്ചേരി വീട്, 2 ഗഡു - 17,500/- തറ മാത്രം കെട്ടി<br>4. എ.സി. ജോണി 3 ഗഡു - 31,500/- പണി പൂർത്തിയാക്കി, പക്ഷേ വ്യവസ്ഥക്ക് വിപരീതമായി മേൽക്കൂര പണിയത് അസ്ബസ്റ്റോസ് ഷീറ്റ് ഉപയോഗിച്ചാണ്. അതിനാൽ അവസാന ഗഡു നൽകിയില്ല. 1 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2 കാഞ്ഞൂർ | 79 | 71 | 8 | പൂർത്തിയാകുവാനുണ്ടായിരുന്ന 8 വീടുകളിൽ 6 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. 2 ഗുണഭോക്താക്കൾ 17500 രൂപ വീതം 2 ഗഡുക്കളിലായി വാങ്ങിയത് തിരികെ ലഭിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ട്. | 2 | കാഞ്ഞൂർ | 79 | 77 | 2 | 1. സു... 2 ഗഡു... പൂർത്തീ... കൈപ്പറ്റി... തിരികെ ഈടാക്കു... ഗ്രാമപഞ്ചായത്ത് ... പടി സ്വീകരിച്ചു വരുന്നു.<br>2. സേവ്യർ. പി.ടി. പുളിക്കൽ 2 ഗഡു - 17,500/- പൂർത്തീകരിച്ചില്ല. കൈപ്പറ്റിയ തുക തിരികെ ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചു വരുന്നു. |
| 3. കറുകുറ്റി | 102 | 100 | 2 | 2 ഗുണഭോക്താക്കളും വളരെ ദരിദ്രരും തുക തിരിച്ചടക്കുവാൻ നിർവ്വാഹമില്ലാത്തവരാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരെ മറ്റ് നടപടികളിൽ നിന്ന് ഒഴിവാക്കുവാൻ സർക്കാരിനോടഭ്യർത്ഥിച്ചുകൊണ്ട് കറുകുറ്റി ഗ്രാമപഞ്ചായത്ത് ഭരണ സമിതി 17.5.2013 ന് തീരുമാനമെടുത്ത് സർക്കാരിന് അയച്ചിട്ടുണ്ട്. | 3 | കറുകുറ്റി | 102 | 100 | 2 | 1. ലീലാ ശാശ്വതൻ, വാർഡ് - 5 3 ഗഡു - 31,500/- പൂർത്തീകരിച്ചിട്ടില്ല.<br>2. സുബ്രഹ്മണ്യൻ തോണിപ്പറമ്പ് വീട്, വാർഡ് - 8 3 ഗഡു - 31,500/- പൂർത്തീകരിച്ചിട്ടില്ല ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17.05.2013-ലെ 4(32) തീരുമാന പ്രകാരം തുക തിരികെ ഈടാക്കുവാൻ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ ഉണ്ടായിട്ടില്ല. |
| 4. മഞ്ഞപ്ര | വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് രജിസ്ടറുകളും ഫയലുകളും എറണാകുളം വിജിലൻസ് ആന്റികറപ്ഷൻ ബ്യൂറോ ഓഫീസിൽ സമർപ്പിച്ചു. 31.03.212 ൽ ടി ഫയലുകൾ തൃശ്ശൂരിലുള്ള വിജിലൻസ് കോടതിയിൽ സമർപ്പിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. | | | | 4 | മഞ്ഞപ്ര (2) | 82 | - | - | ജനകീയ ഭവന പദ്ധതി സംബന്ധിച്ച ഫയലുകൾ 5.12.07 ൽ വിജിലൻസ് വകുപ്പ് അന്വേഷണത്തിന് വാങ്ങിയതിനാൽ നിലവിലെ സ്ഥിതി ലഭ്യമല്ല. |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 5)മലയാറ്റൂർ | 268 | 242 | 26 | 26 വീടുകളിൽ 16 വീടുകളുടെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 10 പേരിൽ 3 പേർ മരണപ്പെട്ടു. ബാക്കി 7 പേർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് അയച്ചിരുന്നു. എന്നാൽ 3 പേർ നിലവിൽ സ്ഥലത്തില്ലായെന്ന് അന്വേഷിച്ചറിഞ്ഞു. | 5 | മലയാറ്റൂർ-നീലീശ്വരം | 268 | 258 | 10<br>3 ഗുണഭോക്താക്കൾ സ്ഥലത്തില്ല, 3 പേർ മരണപ്പെട്ടു, അവശേഷിക്കുന്നവർ - 4 | 1. തോമസ് അഗസ്റ്റിൻ 2 ഗഡു - 17,500/-<br>2. പി.എം. ന[illegible]ാരൻ 3 ഗഡു [illegible]/-<br>3. ഷൈല വർഗ്ഗീസ് 2 ഗഡു - 17,500/-<br>4. ജാനകി ശാസ്താവ് 3 ഗഡു - 31,500/-<br>മേൽ നാലു ഗുണഭോക്താക്കളും വീട് പണി പൂർത്തീകരിച്ചിട്ടില്ല. മറ്റ് 6 പേരുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല. മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| | | | 6) തുറവൂർ | 92 | 84 | 8 | 8 വീടുകളിൽ 7 എണ്ണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ഗഡു തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്ത ഗോപാലൻ പെരിങ്ങാംപറമ്പ് എന്ന ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി നോട്ടീസ് അയച്ചിട്ടുണ്ട്. തുക അടയ്ക്കാത്ത പക്ഷം റവന്യൂ നടപടി സ്വീകരിക്കുന്നതാണ്. | 6 | തുറവൂർ | 92 | 91 | 1 | ഗോപാലൻ, പരിങ്ങാം പറമ്പ്<br>1 ഗഡു തുക കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല<br>തുക തിരികെ അടയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് അയച്ചിട്ടുണ്ട്. |
| | | | 7) കാലടി | 139 | 139 | 0 | എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. | 7 | കാലടി | 139 | 139 | - | മുഴുവൻ ഉപഭോക്താക്കളും പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റി |
| | | | 8) ശ്രീമൂല നഗരം | 113 | 105 | 8 | 8 ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുവാൻ തയ്യാറാകാത്തതിനാൽ അവശേഷിച്ച ഗഡുക്കളുടെ തുക തിരികെ ജില്ലാ പഞ്ചായത്തിന് നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൈപ്പറ്റിയ തുക തിരികെ പിടിക്കുന്നതിനായി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | 8 | ശ്രീമൂലനഗരം | 113 | 105 | 8 | 1. മീതിൻ കുഞ്ഞ്, വാർഡ് 5 3 ഗഡു - 31,500/-<br>2. ഒ.കെ. പ്രതാപൻ, വാർഡ്- 5 3 ഗഡു - 31,500/-<br>3. മോഹൻ, വാർഡ് - 6 3 ഗഡു - 31,500/-<br>4 ടി.ബി. രാജപ്പൻ, വാർഡ്-8 3 ഗഡു - 31,500/-<br>5. എം.പി. മോഹന കുമാർ വാർഡ് - 2 2 ഗഡു - 17,500/-<br>6. പ്രഭാകരൻ, വെള്ളാരപ്പള്ളി വാർഡ് - 2 2 ഗഡു - 17,500/- |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | 7. ... 1 ഗ... 6<br>8. ഷാജി സ...<br>തുക കൈപ്പറ്റ...<br>തുക കൈപ്പറ്റ... പണി പൂർത്തിയാക്ക... ത്തവരിൽ നിന്നും തുക തിരികെ ഈടാക്കുവാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.<br>ജില്ലാപഞ്ചായത്ത് അനുവദിച്ച ഗുണഭോക്താക്കൾക്കുള്ള വായ്പാ തുകയിൽ നൽകുവാൻ ബാക്കിയുണ്ടായിരുന്ന ഗഡുക്കൾ 1,12,000/- രൂപ 04.08.2011-ൽ ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട് |
| | | | 9) മുക്കന്നൂർ | 51 | 45 | 6 | മൂന്ന് പേർ പണി പൂർത്തീകരിച്ചു. ഒരു ഗുണഭോക്താവ് വീട് തേപ്പ് പണി നടത്തിയിട്ടില്ല. ആയത് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവ് വീട് വിറ്റതിനാൽ കൈപ്പറ്റിയ 31500 രൂപ 12% പലിശ സഹിതം തിരിച്ചടക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പണി പൂർത്തീകരിക്കാത്ത ഒരു ഗുണഭോക്താവ് 2 ഗഡുക്കളായി കൈപ്പറ്റിയ 17500 രൂപ 12% പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ട്. | 9 | മുക്കന്നൂർ | 51 | 48 | 3 | 1. കെ.ജി. ചന്ദ്രൻ, കല്ലാട്ട്<br>3 ഗഡു - 31,500/-<br>2. ശ്രീധരൻ (കൃഷ്ണൻ മകൻ) കളത്തിപ്പറമ്പിൽ<br>3 ഗഡു - 31,500/-<br>വീടും സ്ഥലവും ബാബു കരിക്കിലേത്ത് എന്നയാൾക്ക് കൈമാറ്റം ചെയ്തു. ശ്രീധരനിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. ഷാലി (പത്രോസ് ഭാര്യ) കോട്ടയ്ക്ക<br>2 ഗഡു - 17,500/-<br>കൈപ്പറ്റിയ തുക 17,500/- 12% പലിശ സഹിതം ഈടാക്കിയിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.